**ഭരണഭാഷ മാതൃഭാഷ**

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർ സെക്കൻഡറി വിഭാഗം.
ജഗതി, തിരുവനന്തപുരം
ഇ-മെയിൽ - **dirdhse.dge@kerala.gov.in;**
ഫോൺ:**04712580754**

**എച്ച്.എസ്.ഇ/2543/2025-എഡി.ഡി3 (1)** **തീയതി:04-04-2025**

# സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കന്ററി വിഭാഗം -ജീവനക്കാര്യം - **2025-26** അധ്യയനവർഷ ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ പ്രൊമോഷൻ - എച്ച്.എസ്.എസ്.റ്റി മാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് - സമർപ്പിക്കുന്നത്- സംബന്ധിച്ച്.

സൂചന: **12/12/2024** തീയതിയിലെ **3969** നമ്പർ ഗസറ്റിൽ പ്രസിദ്ധീകരിച്ച എച്ച്.എസ്.എസ്.റ്റി മാരുടെ അന്തിമ സംയോജിത സീനിയോരിറ്റി ലിസ്റ്റ്.

സംസ്ഥാനത്തെ ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളുകളിൽ **2025-26** അധ്യയന വർഷത്തിൽ ഉണ്ടാകുന്ന പ്രിൻസിപ്പൽ തസ്തികയിലെ ഒഴിവുകളിലേക്ക് സ്പെഷ്യൽ റൂൾസ് പ്രകാരം **2 : 1** എന്ന അനുപാതത്തിൽ യഥാക്രമം എച്ച്.എസ്.എസ്.റ്റി, എച്ച്.എം/എ.ഇ.ഒ മാരിൽ നിന്നു പ്രൊമോഷൻ നടത്തുന്നതിനായി സൂചന സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട റാങ്ക് നമ്പർ **410** വരെയുള്ള എച്ച്.എസ്.എസ്.റ്റിമാർ **2022, 2023, 2024** വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സ്കോർ മുഖേന ഓൺലൈൻ ആയി **30/04/2025 തീയതി 5 P M** ന് മുൻപായി

സമർപ്പിക്കേണ്ടതാണ്.

**30/11/2023** തീയതിയിലെ **G.O (P) No. 17/2023/P&ARD** അനുസരിച്ച് പ്രിൻസിപ്പൽ തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ ഉത്തരവായശേഷം ആയത് പരിത്യജിക്കുന്നതിന് അനുവദിക്കുന്നതല്ല. ആയതിനാൽ പ്രിൻസിപ്പൽ തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ പരിത്യജിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ആയതിനുള്ള അപേക്ഷയും, സ്റ്റേറ്റ്മെന്റ് ഓഫ് റീലിംഗ്വിഷ്മെന്റിന്റെ **3** സെറ്റ് സഹിതം **30/04/2025** തീയതിയ്ക്കകം സമർപ്പിക്കേണ്ടതാണ്.

കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സ്കോറിൽ സമർപ്പിക്കുന്നതിനോടൊപ്പം അധ്യാപകർ താഴെപ്പറയുന്ന രേഖകൾ തപാൽ മുഖേന **30/04/2025** തീയതിയ്ക്കകം **പൊതുവിദ്യാഭ്യാസ ഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം (ഹയർസെക്കന്ററി വിഭാഗം), ജഗതി, തിരുവനന്തപുരം - 695014** എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.

**1.** ഇതോടൊപ്പം അനക്സർ **1** ആയി നൽകിയിരിക്കുന്ന പ്രൊഫോർമ (എല്ലാ വിവരങ്ങളും വ്യക്തമായി രേഖപ്പെടുത്തി റിപ്പോർട്ടിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിരിക്കണം).

**2.** പ്രിൻസിപ്പൽ/ റിപ്പോർട്ടിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ എച്ച്.എസ്.എസ്.റ്റി തസ്തികയിലെ പ്രൊബേഷൻ ഡിക്ലറേഷൻ ഉത്തരവിന്റെ പകർപ്പ്, ഇതുവരെയുള്ള സർവ്വീസ് വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയ ഡിക്ലറേഷൻ (ദീർഘകാല അവധികൾ, ശൂന്യവേതനാവധി, ഡെപ്യൂട്ടേഷൻ കാലയളവ് എന്നിവ ഉണ്ടെങ്കിൽ ആയത് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം)

**3.** കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്ന എച്ച്.എസ്.എസ്.റ്റി മാർ അച്ചടക്കനടപടി കൈക്കൊണ്ടിട്ടുണ്ടെങ്കിൽ ആയത് തീർപ്പാക്കികൊണ്ടുള്ള

ഉത്തരവിന്റെ പകർപ്പ് (പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയത് ) മേൽ രേഖകളോടൊപ്പം സമർപ്പിക്കേണ്ടതാണ്.

**<u>30/04/2025 തീയതിയ്ക്ക് ശേഷം സമർപ്പിക്കുന്നതും, ഭാഗികമായോ, അപൂർണ്ണമായോ ആയ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല</u>.** കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ അയയ്ക്കുമ്പോൾ ചുവടെ പരാമർശിക്കുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം.

- സ്പാർക്ക് മുഖേന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഓരോ ഉദ്യോഗസ്ഥരുടെയും സ്പാർക്ക് പേഴ്സണൽ ലോഗിനിൽ ഡോക്യുമെന്റ് എന്ന ഭാഗത്ത് ലഭ്യമാണ്.
- സ്പാർക്ക് മുഖേന കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുമ്പോൾ **Reporting Officer** ആയി അതാത് കാലയളവിലെ പ്രൻസിപ്പൽ/പ്രിൻസിപ്പൽ ഇൻ ചാർജ് മാരെയും **Reviewing Officer** ആയി ബന്ധപ്പെട്ട ആർ.ഡി.ഡി മാരെയും **Accepting Authority** ആയി സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെയും ആയി **Assign** ചെയ്യേണ്ടതാണ്.
- കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്ന അധ്യാപകർ നിർബന്ധമായും **2022, 2023, 2024** വർഷങ്ങളിലെ ജനുവരി **1** മുതൽ ഡിസംബർ **31** വരെയുള്ള കാലയളവിലെ **CR** കൾ സമർപ്പിച്ചിട്ടുണ്ടെന്നത് ഉറപ്പുവരുത്തേണ്ടതാണ്.
- ഒരു കലണ്ടർ വർഷം ഒന്നിൽ കൂടുതൽ സ്കൂളുകളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത കാലയളവുകളിലേയ്ക്ക് പ്രത്യേകം കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ് അന്യത്ര സേവന വ്യവസ്ഥ കാലയളവുകളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടും മേൽ പ്രകാരം തന്നെ സമർപ്പിക്കേണ്ടതാണ്
- സ്പാർക്കിൽ **CR** സമർപ്പിക്കുന്ന എല്ലാ അധ്യാപകരും തങ്ങളുടെ **Reportee ID** യിൽ നിന്നും ഫൈനൽ സബ്മിഷൻ നടത്തിയിട്ടുണ്ടെന്ന് ഉറപ്പു

വരുത്തേണ്ടതാണ്.

- **Electronic Confidential Report** സമർപ്പിക്കുന്നതിലേയ്ക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ വീഡിയോ സഹിതം **www.score.kerla.gov.in** എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. ആയതു പരിശോധിച്ച് അപാകതകൾ ഇല്ലാതെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.
- **30/04/2025 തീയതിയ്ക്ക് ശേഷം സമർപ്പിക്കുന്ന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകളും ആയത് സംബന്ധിച്ച അപേക്ഷകളും/ രേഖകളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.**
- സ്കോർ മുഖേന **ECR** സമർപ്പിക്കുന്നതിൽ സാങ്കേതിക തടസ്സങ്ങൾ നേരിടുന്നുവെങ്കിൽ / സമർപ്പിച്ചതിൽ എന്തെങ്കിലും തെറ്റ് സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനായി വിശദവിവരം അപേക്ഷകന്റെ പേര്, ഇ-മെയിൽ ഐ.ഡി, പെൻ, ഫോൺ നമ്പർ എന്നിവ സഹിതം **aohse.dge@kerala.gov.in** എന്ന ഇ-മെയിൽ വിലാസത്തിലേയ്ക്ക് ഇ-മെയിൽ ചെയ്യേണ്ടതാണ്. കൂടാതെ സ്കോർ മുഖേന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്നത് സംബന്ധിച്ചുള്ള സംശയനിവാരണത്തിന് **0471-2580758** എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

Signed by
Santhosh Kumar .r
Date: 04-04-2025 16:47:29

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

# ANNEXURE I

| | | |
|---|---|---|
| 1. | Name | |
| 2. | PEN | |
| 3. | Designation, Subject | |
| 4. | Name of present school | |
| 5. | Date of Birth | |
| 6. | Sl.No in the seniority list | |
| 7. | Details of total teaching sevice<br><br>(Excluding LWA, Long leave, Deputation etc.) | |
| 8. | Whether you take LWA, Long leave, Deputation ..etc give details | |
| 9. | Order No and date of declaration of Probation | |

| | | |
|---|---|---|
| | | |
| 10. | Details of punishments awarded to the officer if any , give details . | |
| 11. | Phone no | |
| 12. | if you relinquished Principal Promotion before, Give details | |
| 13. | e-mail I D | |

Office Seal

Signature -

Name -

Date -